# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ. *608** — **09.07.2013-ൽ മറുപടിയ്ക്ക്**

### ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. റ്റി. ജോർജ്<br>" ഡൊമിനിക് പ്രസന്റേഷൻ<br>" ലൂഡി ലൂയിസ്<br>" സണ്ണി ജോസഫ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനും, അപകടങ്ങൾ ഉണ്ടായാൽ അടിയന്തിര രക്ഷാപ്രവർത്തനം നടത്തുന്നതിനും മറ്റുമായി ഹൈവേകളുമായി അടുത്തിടപഴകുന്ന പൗരന്മാരെ ഉൾപ്പെടുത്തിക്കൊണ്ട് റോഡ് സുരക്ഷാ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ പ്രസ്ഥാനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ കേരളത്തിൽ നിലവിലുള്ള ഹൈവേ പട്രോൾ ടീമുകളുടെ നേതൃത്വത്തിൽ ഏറ്റവും കൂടുതൽ റോഡപകടങ്ങൾ ഉണ്ടാകുന്ന ഹൈവേ ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ 25.07.2009-ലെ സർക്കാർ ഉത്തരവ് നമ്പർ. 117/09/ആഭ്യന്തരം പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |
| (ബി) സമിതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) റോഡപകടങ്ങൾ കുറയ്ക്കുക, അടിയന്തിര രക്ഷാ പ്രവർത്തനങ്ങൾ നടത്തുക, ട്രാഫിക് ബോധവൽക്കരണം നൽകുക എന്നിവയാണ് ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ, ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ, |

സന്നദ്ധ സംഘടനകൾ, സ്കൂൾ, കോളേജ് പ്രിൻസിപ്പൽമാർ, ഡ്രൈവേഴ്സ് യൂണിയൻ പ്രതിനിധികൾ, ആശുപത്രി പ്രതിനിധികൾ, ആംബുലൻസ് സർവ്വീസ് പ്രതിനിധികൾ എന്നിവരെ ഉൾക്കൊള്ളിച്ചു കൊണ്ടാണ് ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നത്. ഓരോ ജാഗ്രതാ സമിതിയും മാസത്തിലൊരിക്കൽ യോഗം കൂടുകയും റോഡ് സുരക്ഷയെക്കുറിച്ചും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനെ കുറിച്ചും ചർച്ച ചെയ്ത് പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നു.

**(സി)** ഹൈവേയിലെ അപകട സാധ്യത കുറയ്ക്കുവാൻ എന്തെല്ലാം ചുമതലകളും കർത്തവ്യങ്ങളുമാണ് സമിതിക്കുള്ളത്; വിശദമാക്കുമോ;

**(സി)** ഹൈവേയിലെ അപകട സാധ്യത കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക, അതിനായി ബോധവൽക്കരണം സംഘടിപ്പിക്കുക, അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലത്ത് വളരെ പെട്ടെന്ന് തന്നെ എത്തി രക്ഷാ പ്രവർത്തനം നടത്തുക തുടങ്ങിയവയാണ് ഹൈവേ സുരക്ഷാ സമിതിയുടെ ചുമതലകളും, കർത്തവ്യങ്ങളും.

**(ഡി)** എത്ര കേന്ദ്രങ്ങളിലാണ് ഇത്തരം സമിതികൾ രൂപീകരിക്കുന്നത്?

**(ഡി)** നിലവിൽ 160 ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ സംസ്ഥാനത്താകമാനം പ്രവർത്തിച്ചു വരുന്നു. 2013-2014 സാമ്പത്തിക വർഷത്തിൽ റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും പുതിയ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത് പ്രകാരം 20 ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്ന പദ്ധതിയുടെ തുടർ നടപടികൾ പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**